# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1822** **16.02.2016 ൽ മറുപടിയ്ക്ക്**

## റബ്ബർ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം : | | ശ്രീ. ഉമ്മൻ ചാണ്ടി<br>( ബഹു. മുഖ്യ മന്ത്രി) |
| (എ) | റബ്ബർ വിലയിടിവ് മൂലം നട്ടം തിരിയുന്ന റബ്ബർകർഷകരെ സഹായിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; | (എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായാണ് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സ.ഉ (എം.എസ്) നം.56/2014/കൃഷി തീയതി 25.02.2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് ഇപ്രകാരം റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 1 കിലോ റബ്ബറിന്റെ വില എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്; വിലയിടിവിന്റെ കാരണം വ്യക്തമാക്കാമോ ; | (ബി) 2011-12 ൽ RSS-4 ഇനത്തിലുള്ള റബ്ബറിന്റെ ആഭ്യന്തര വിപണിയിലെ വില കിലോക്ക് 208.05 രൂപയാണ്. റബ്ബറിന്റെ ഇപ്പോഴത്തെ വില (06.02.2016 ൽ അവസാനിക്കുന്ന ആഴ്ചയിലെ കണക്ക്) RSS-4 ഇനത്തിന് കിലോക്ക് 92.25 രൂപയാണ്.<br>റബ്ബറിന് ഉണ്ടായിരിക്കുന്ന വിലയിടിവ് |

താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ്:-

(I) അന്താരാഷ്ട്ര വിപണിയിൽ ബ്ളോക്ക് റബ്ബറിന്റെ വിലയിടിവ്

(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യം മൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കുറവ്

(iii) വളരെ കുറഞ്ഞ അളവിൽ മാത്രമേ ചൈന റബ്ബർ വാങ്ങുന്നുള്ളൂ.

(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്.

(v) തായിലന്റിൽ സംഭരണം നടപ്പിലാക്കിയതു മൂലം സ്റ്റോക്കിലുള്ള വർദ്ധനവ്

vi) എണ്ണ വിലയിടിവു മൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്

(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

(സി) സംസ്ഥാനത്തെ നാമമാത്ര ചെറുകിട-വൻകിട റബ്ബർ കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ; റബ്ബർ ഉത്പാദനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ആകെ 10.5 ലക്ഷം റബ്ബർ കർഷകരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

റബ്ബർ ഉല്പാദനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഉല്പാദനം (ടൺ) (പ്രൊവിഷണൽ) 2014-15 |
|---|---|---|
| 1 | തിരുവനന്തപുരം | 29200 |
| 2 | കൊല്ലം | 35000 |
| 3 | പത്തനംതിട്ട | 50400 |
| 4 | ആലപ്പുഴ | 4200 |
| 5 | കോട്ടയം | 104900 |
| 6 | ഇടുക്കി | 37300 |
| 7 | എറണാകുളം | 57100 |
| 8 | തൃശ്ശൂർ | 14700 |
| 9 | പാലക്കാട് | 33700 |
| 10 | മലപ്പുറം | 36900 |
| 11 | കോഴിക്കോട് | 21500 |
| 12 | വയനാട് | 7100 |

| | | |
|---|---|---|
| 13 | കണ്ണൂർ | 45500 |
| 14 | കാസർഗോഡ് | 30200 |

(ഡി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി നിരക്കിലുള്ള റബ്ബർ സംഭരണം എന്നുമുതലാണ് ആരംഭിച്ചത്; ഓരോ വർഷവും കിലോയ്ക്ക് എത്ര രൂപയ്ക്കാണ് റബ്ബർ സംഭരിച്ചിരുന്നത്; മാർക്കറ്റ് വിലയുമായുള്ള അന്തരം സബ്സിഡിയായി എങ്ങനെയാണ് കർഷകന് ലഭ്യമാക്കിയിട്ടുള്ളത്; ഓരോ വർഷവും ഇത്തരത്തിൽ എത്ര റബ്ബർ സംഭരിച്ചു എന്നും, കർഷകർക്ക് സബ്സിഡിയായി എത്ര തുക വീതം ലഭിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിനുള്ള സംഭരണ ഏജൻസികൾ ഏതൊക്കെയാണ്;

(ഡി) സംസ്ഥാന സർക്കാർ വിപണിയിലിടപെട്ടുകൊണ്ടുള്ള റബ്ബർ സംഭരണം 25.02.2014 തീയതിയിലെ സ.ഉ. (എം.എസ്) നം.56/2014/കൃഷി പ്രകാരം ആരംഭിക്കുകയുണ്ടായി. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികളാണ് റബ്ബർ സംഭരണം നടത്തിയത്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോക്ക് 2 രൂപ കൂടുതൽ നല്കി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരണം നടത്തിയത്. തുടർന്ന് സ.ഉ(എം.എസ്) നം. 232/2014/കൃഷി തീയതി 13.10.2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരിക്കുകയുണ്ടായി.

തുടർന്ന് സ.ഉ. (എം.എസ്) നം.254/2014 തീയതി 06.11.2014 പ്രകാരം റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരിക്കുകയുണ്ടായി.

കർഷകരിൽ നിന്നും സംഭരിക്കുന്ന റബ്ബറിന് വിപണിവിലയോടൊപ്പം സബ്സിഡി തുക ഉൾപ്പെടുത്തിയ വില നൽകിക്കൊണ്ടാണ് സംഭരണ ഏജൻസികൾ സംഭരണം നടത്തിയത്.

2014 ഡിസംബർ വരെ റബ്ബർ മാർക്കും മാർക്കറ്റ്ഫെഡും 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ഇ) സബ്സിഡി ലഭിക്കുന്നതിനായി പി.ആർ.എസ്സുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇപ്പോൾ റബ്ബറിന്റെ മാർക്കറ്റ് വില എത്രയാണ്; താങ്ങ് വിലയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് എത്ര രൂപയാണ്;

(ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 150 രൂപയാണ് താങ്ങുവിലയായി പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ 10.02.2016 വരെ 3,46,594 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പേര് രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 34433 |
| കൊല്ലം | 44499 |
| ആലപ്പുഴ | 0 |
| പത്തനംതിട്ട | 35072 |
| കോട്ടയം | 50473 |
| ഇടുക്കി | 11676 |
| തൃശ്ശൂർ | 11226 |
| എറണാകുളം | 29463 |
| പാലക്കാട് | 23636 |
| മലപ്പുറം | 27424 |
| കോഴിക്കോട് | 12673 |
| കണ്ണൂർ | 47968 |
| വയനാട് | 0 |
| കാസർഗോഡ് | 18051 |

(എഫ്) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണ്; ഇതുപ്രകാരം എത്ര രൂപയുടെ ആനുകൂല്യം കർഷകർക്ക് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; റബ്ബർ സംഭരണത്തിന്റെ പ്രയോജനം ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും ലഭിക്കുന്നില്ല എന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൻകിടക്കാരുടെ ചൂഷണത്തിൽ നിന്നും ഇവരെ രക്ഷിക്കാൻ സംഭരണം സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

(എഫ്) 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' ഒരു സംഭരണ പദ്ധതിയല്ല. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരികയാണ് ചെയ്യുന്നത്. പ്രസ്തുത പദ്ധതി പ്രകാരം10.02.2016 വരെ 97.54 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | സബ്സിഡി തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 4.32 |
| കൊല്ലം | 8.21 |
| ആലപ്പുഴ | 0 |
| പത്തനംതിട്ട | 5.90 |

| | |
|---|---|
| കോട്ടയം | 14.53 |
| ഇടുക്കി | 4.99 |
| തൃശ്ശൂർ | 3.17 |
| എറണാകുളം | 8.50 |
| പാലക്കാട് | 8.67 |
| മലപ്പുറം | 11.86 |
| കോഴിക്കോട് | 3.47 |
| കണ്ണൂർ | 10.8 |
| വയനാട് | 0 |
| കാസർഗോഡ് | 5.57 |
| **ആകെ** | **89.99** |

ആകെ സബ്സിഡിയിനത്തിൽ നൽകിയ തുകയും ജില്ലതിരിച്ചുള്ള തുകയും തമ്മിലുള്ള അന്തരം വിവിധ ബാങ്കുകളിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലമാണ്.

ചെറുകിട കർഷകർക്കും നാമമാത്ര കർഷകർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**